എൽ.ടി. 7(ബി)യിൽപ്പെടുന്നവ:-

1000 വാട്ട്സിൽ കവിയാത്ത കണക്ടഡ് ലോഡുള്ള കടകൾ, ബങ്കുകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഇവയാണ്.

(ഇ) എൽ.ടി.7(എ) വിഭാഗത്തിനുള്ളവരുടെ കണക്ടഡ് ലോഡിന് മാറ്റമൊന്നും വരുത്തിയിട്ടില്ല. എൽ.ടി.7(ബി) വിഭാഗത്തിന് 15.5.99-ൽ താരിഫ് പരിഷ്കരിച്ചപ്പോൾ കണക്ടഡ് ലോഡിന്റെ പരിധി 500 വാട്ട്സ് ആയി കുറച്ചിരുന്നു. ഇതുമൂലം പല ചെറുകിട വ്യാപാരികൾക്കും ബുദ്ധിമുട്ടുണ്ടായി എന്നു പരാതി ലഭിക്കുകയും തുടർന്ന് കണക്ടഡ് ലോഡിന്റെ പരിധി വീണ്ടും 1000 വാട്ട്സ് ആയി വർദ്ധിപ്പിക്കുകയും ചെയ്തു. ഇതിന് 15.5.99 മുതൽ പ്രാബല്യമുണ്ട്.. ഇതുവഴി ബോർഡിന് അധിക വരുമാനം ലഭിക്കുന്നില്ല.

(എഫ്) ഒടുവിൽ സമർപ്പിച്ച നിർദ്ദേശങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

എൽ.ടി. വിഭാഗം

ഗാർഹികം	- 8%	- 35% വരെ
ഗാർഹികേതരം	- 40%	
വാണിജ്യം	- 35%	
കാർഷികം	- വർദ്ധനവില്ല.	
വ്യവസായം	- 35%	

എച്ച്.ടി. വിഭാഗം

വ്യവസായം	- 35%
പബ്ലിക് ഓഫീസുകൾ	- 40%
വാണിജ്യം	- 42%
കാർഷികം	- 25%
ഇ.എച്ച്.ടി. വിഭാഗം	- 35%

കൂടാതെ ചെറിയ കടകൾ, ബങ്കുകൾ, ഹോട്ടലുകൾ എന്നിവയ്ക്ക് എൽ.ടി. 7 (ബി) താരിഫിൽ ഉൾപ്പെടുത്താനുള്ള കണക്ടഡ് ലോഡിന്റെ പരിധി 500 വാട്ട്സിൽ നിന്നും 1000 വാട്ട്സായി പുതുക്കി നിശ്ചയിച്ചു. 100 യൂണിറ്റിനു മുകളിൽ ഉപഭോഗമുള്ള പ്രസ്തുത ഉപഭോക്താക്കളുടെ നിരക്ക് യൂണിറ്റൊന്നിന് 465 പൈസയിൽ നിന്നും 430 പൈസയായി കുറവു ചെയ്യുകയും ചെയ്തു.

107 (3290) വിവിധ വൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണം

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, ചെങ്കുളം പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുംവേണ്ടി എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനിയുമായി കെ.എസ്.ഇ.ബി. ഒപ്പിട്ട കരാറിന്റെ പൂർണ്ണരൂപം വെളിപ്പെടുത്തുമോ; ഇതുമായി ബന്ധപ്പെട്ട 1999 ജൂൺ 10 വരെ കെ.എസ്.ഇ.ബി. ഇറക്കിയ ഉത്തരവുകൾ ലഭ്യമാക്കുമോ; ഈ കരാർ ഇടപാടിൽ മൊത്തം ചെലവാകുന്ന തുകയും, ഇനം തിരിച്ചുള്ള തുകയും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടെണ്ടർ ക്ഷണിക്കാതെ ഈ കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ കാരണമെന്ത്;

(സി) ബാലാനന്ദന്റെ നേതൃത്വത്തിൽ പഠനം നടത്തിയ കമ്മിറ്റി ഈ പദ്ധതികളുടെ നവീകരണം സംബന്ധിച്ച് സർക്കാരിന് നൽകിയ ശുപാർശ എന്ത്; ഈ ശുപാർശ തള്ളിക്കളഞ്ഞുവെങ്കിൽ അതിനുള്ള കാരണം എന്ത്; ഈ കരാറിലെ അടങ്കൽത്തുകയും മറ്റു വ്യവസ്ഥകളും സംബന്ധിച്ച് നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ നൽകിയ പഠനറിപ്പോർട്ടിന്റെ പൂർണ്ണ രൂപം നൽകുമോ;

(ഡി) ഈ കരാറുകാരന് കെ.എസ്.ഇ.ബി യുടെ ആസ്ഥാനമായ പട്ടം വൈദ്യുതി ഭവനിൽ ഈ പണികളുടെ നിർവ്വഹണത്തിനായി ഓഫീസുകളും ഔദ്യോഗിക വാഹനങ്ങളും വിട്ടുകൊടുത്തിരുന്നോ; എങ്കിൽ ഏത് മാനദണ്ഡ പ്രകാരമാണ്; മറ്റ് കരാറുകാർക്കും ഇതുപോലെ കെ.എസ്.ഇ.ബി. ആസ്ഥാനം വിട്ടുകൊടുക്കുമോ; ഇല്ലെങ്കിൽ കാരണം എന്ത്?

ഉത്തരം

(എ) പള്ളിവാസൽ, ചെങ്കുളം പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണത്തിനായി എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനിയുമായി കെ.എസ്. ഇ.ബി. ഒപ്പിട്ട കരാറിന്റെ പ്രധാന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇതിന്റെ മൊത്തം എസ്റ്റിമേറ്റ് തുക 243.98 കോടി രൂപയാണ്. ഇതിൽ വിദേശവിഭാഗം 153.32 കോടി രൂപ (60.417 മില്യൺ കനേഡിയൻ ഡോളർ) ബാക്കി 90.66 കോടി രൂപ കെ.എസ്.ഇ.ബി. നേരിട്ട് ചെലവാക്കേണ്ടതാണ്. വിദേശ വിഭാഗത്തിൽ, എഗ്രിമെന്റ്പ്രകാരം 59.948 മില്യൻ കനേഡിയൻ ഡോളർ (149.15 കോടി രൂപ) സാധനങ്ങളുടെ വിലയായും കൺസട്ടൻസി ചാർജ്ജായും എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനിക്ക് നൽകേണ്ടതായുണ്ട്. ഓരോ പദ്ധതിയുടെയും വിവരം ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്	സാധനങ്ങളുടെ വില	(മില്യൻകനേഡിയൻ ഡോളറിൽ കൺസൾട്ടൻസി ചാർജ്	ആകെ
പള്ളിവാസൽ	18.511	2.790	21.301
പന്നിയാർ	8.372	2.200	10.572
ചെങ്കുളം	25.875	2.200	28.075
ആകെ	520.758	7.190	59.948

കെ.എസ്.ഇ.ബി. ഇറക്കിയ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇതിന്റെ മൊത്തം എസ്റ്റിമേറ്റ് തുക 243.98 കോടി രൂപയാണ്. വിശദവിവരം മുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.†

(ബി) 10.8.1995-ൽ എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനിയുമായി ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലും തുടർന്ന് 24.2.96-ൽ ഒപ്പു

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വച്ച കരാറിന്റെ അടിസ്ഥാനത്തിലുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഓർഡർ നൽകിയിട്ടുള്ളത്. ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ടെണ്ടർ ക്ഷണിക്കാറില്ല.

(സി) ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട് കെ.എസ്.ഇ.ബി.യുടെ വികസനരംഗത്തെക്കുറിച്ച് മൊത്തമുള്ള പഠനറിപ്പോർട്ടാണ്. ഈ ശുപാർശ 2/97-ൽ ആണ് സർക്കാരിന് കിട്ടിയത്. അത് വിശദമായ പരിശോധനയ്ക്കായി ബോർഡിന് നൽകിയിരിക്കയാണ്. ഈ റിപ്പോർട്ട് കിട്ടുന്നതിനുമുമ്പ് 10.8.95-ൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി കൈക്കൊള്ളുകയും എസ്.എൻ.സി.ലാവ്‌ലിൻ എന്ന കമ്പനിക്ക് 24.2.96-ൽ കരാർ നൽകുകയും ചെയ്തു. ഈ കരാറിലെ അടങ്കൽത്തുകയും മറ്റു നിരക്കുകളും അന്താരാഷ്ട്ര നിരക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ സാധൂകരിക്കാവുന്നതാണ് എന്നതായിരുന്നു നാഷണൽ ഹൈഡ്രോ കോർപ്പറേഷൻ നൽകിയ റിപ്പോർട്ടിന്റെ അന്തസത്ത.

(ഡി) എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിയുമായി ഒപ്പുവച്ച കരാർപ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഇ.സി.യുടേയും, എസ്.എൻ.സി. ലാവ്‌ലിന്റേയും എൻജിനീയർമാരടങ്ങുന്ന ഒരു സംയോജിത പ്രോജക്ട് മാനേജ്മെന്റ് ഓഫീസ് കെ.എസ്.ഇ.ബി. ആസ്ഥാനത്ത് പ്രവർത്തിക്കേണ്ടതുണ്ട്. പ്രസ്തുത ഓഫീസിനുവേണ്ടിയാണ് കരാർപ്രകാരം ഓഫീസും ഔദ്യോഗിക വാഹനങ്ങളും ലഭ്യമാക്കിയിട്ടുള്ളത് എന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്.

108 (3291) ജലവൈദ്യുത പദ്ധതികൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി എന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി ഇൻഡസ്ട്രിയൽ റിലേഷഷൻസ് കമ്മിറ്റിയും ജനകീയ സമിതിയും രൂപീകരിക്കാറുണ്ട്. കൂടാതെ ജോയിന്റ് ലേബർ കമ്മിഷണറുടെ സേവനവും വേണ്ട സമയങ്ങളിൽ ഉപയോഗപ്പെടുത്താറുണ്ട്. ബോർഡ് സെക്രട്ടേറിയറ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പദ്ധതികളുടെ പ്രവർത്തനപുരോഗതി നിരന്തരം അവലോകനം ചെയ്യുകയും ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യാറുണ്ട്. ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പീരിയോഡിക്കൽ റിവ്യൂ മീറ്റിംഗ് കൂടുകയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി പവർ സെക്രട്ടറി ചെയർമാനായുള്ള സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും നടപടികൾ നടന്നുവരികയും ചെയ്യുന്നു. ഇതിനുപുറമേ ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി അനുമതി നൽകുന്നതിനായി ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly